# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2475** | **17/8/2017** -ലെ മറുപടി

## വാട്ടർ അതോറിറ്റി ഡ്രാഫ്റ്റ്സ് മാൻ/ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ടി.ബൽറാം | മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിലെ ഡ്രാഫ്റ്റ്സ് മാൻ/ഓവർസീയർ ഗ്രേഡ് 2 തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 195 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എൻ.ജെ.ഡി ഒഴിവുകൾ, വിരമിക്കൽ മൂലവും മറ്റ് ജോലി ലഭിച്ച പോകുന്നതു വഴിയുമുള്ള ഒഴിവുകൾ, പ്രൊമോഷൻ ഒഴിവുകൾ എന്നിങ്ങനെ ആകെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്; | (സി) എൻ.ജെ.ഡി ആയി 8 ഒഴിവുകളും വിരമിക്കൽ മൂലം 18 ഒഴിവുകളും പ്രമോഷൻ മുഖേന 23 ഒഴിവുകളും ഉൾപ്പെടെ ആകെ 49 ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകളെല്ലാം തന്നെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) റാങ്ക് ലിസ്റ്റ് നിലനിൽക്കേ പ്രസ്തുത തസ്തികയിലേക്ക് കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ടോ; | (ഡി) ഇല്ല |
| (ഇ) നേരിട്ട് നിയമനം നടത്തേണ്ട ഒഴിവുകളിൽ പ്രൊമോഷൻ വഴി നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അത്തരം ഒഴിവുകളുടെ എണ്ണം നേരിട്ടുള്ള നിയമനത്തിന് വീണ്ടും പരിഗണിച്ചിട്ടുണ്ടോ; അപ്രകാരം എത്ര ഒഴിവുകൾ നിലവിലുണ്ട്? | (ഇ) നേരിട്ട് നിയമനം നടത്തേണ്ട ഒഴിവുകളിൽ പ്രൊമോഷൻ വഴി നിയമനം നടത്തിയിട്ടില്ല; ബാധകമല്ല. |

സെക്ഷൻ ഓഫീസർ

JSK/